പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2301** 18-03-2015 ൽ മറുപടിക്ക്

## കെൽട്രോണിന്റെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.റ്റി.യു. കുരുവിള<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കെൽട്രോണിന്റെ നവീകരണത്തിനായി നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെൽട്രോണിൻെറ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിൻെറ ഭാഗമായി 16 കോടിരൂപയുടെ പദ്ധതിയും അനുബന്ധ യൂണിറ്റായ കണ്ണൂരിലെ കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സിന് വിവിധ വികസന പദ്ധതികൾ നടപ്പിലാക്കാൻ 18 കോടിരൂപയും സർക്കാർ ഇതുവരെ അനുവദിച്ചിട്ടുണ്ട്. കെൽട്രോൺ നവീകരണത്തിൻെറ ഭാഗമായി ട്രാഫിക് സിഗ്നൽ, സെക്യൂരിറ്റി സർവൈലൻസ്, അറ്റൻറൻസ് സിസ്റ്റം, ബയോമെട്രിക് ഐഡി കാർഡ്, ഡിഫൻസ് ഇലക്ട്രോണിക്സ്, ഏറോസ്പേസ് ഇലക്ട്രോണിക്സ്, ഐടി, ഐടി വിദ്യാഭ്യാസം എന്നീ മേഖലകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിവിധ ശ്രേണിയിലുള്ള എൽ.ഇ.ഡി ലൈറ്റുകളുടെ നിർമ്മാണം, സൗരോർജ്ജ പദ്ധതികൾ എന്നിവയും നവീകരണം ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്നു.<br><br>രാജ്യത്തെ ഉൽപ്പാദന രംഗം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച മാനുഫാക്ചറിംഗ് നയത്തിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള നവീകരണ വിപുലീകരണ പദ്ധതികൾ കെൽട്രോണിലും അനുബന്ധയൂണിറ്റായ കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സിലും നടപ്പിലാക്കി വരികയുമാണ്. കെൽട്രോണിൻെറ പ്രവർത്തന മികവിൻെറ ഭാഗമായി കേന്ദ്രപ്രതിരോധമന്ത്രാലയത്തിൽ നിന്ന് 2012 ലെ "ഡിഫൻസ് ടെക്നോളജി അബ്സോർബ്ഷൻ" അവാർഡിന് അർഹമായി. |

| | |
|---|---|
| (ബി) ഗുണനിലവാരമുള്ള കമ്പ്യൂട്ടർ , മൊബൈൽ ഫോൺ തുടങ്ങിയ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ വിപുലമായ ഉൽപാദന യൂണിറ്റ് ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) ഈ പദ്ധതി ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ